# കേരള സർവകലാശാല

നം.പി.ആർ.137/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 ജൂലൈയിൽ നടക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) (2014 സ്കീം & 2011 സ്കീം) എട്ടാം സെമസ്റ്റർ പരീക്ഷകൾ ജൂലൈ 3 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജൂലൈ 15, 22 തീയതികളിൽ ആരംഭിക്കുന്ന മൂന്നാം വർഷ എം.എച്ച്.എ, രണ്ടാം വർഷ എം.എച്ച്.എ സപ്ലിമെന്ററി (വിദൂരവിദ്യാഭ്യാസം) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 1 മുതൽ 11 വരെ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഓൺലൈൻ രജിസ്ട്രേഷൻ

2019 ആഗസ്റ്റിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷകൾക്ക് ജൂലൈ 8 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 15 വരെയും 50 രൂപ പിഴയോടെ ജൂലൈ 17 വരെയും 125 രൂപ പിഴയോടെ ജൂലൈ 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ജൂലൈ 3 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ 2014 സ്കീം സപ്ലിമെന്ററി – ഫുൾ ടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 27 വരെയും 50 രൂപ പിഴയോടെ ജൂൺ 29 വരെയും 125 രൂപ പിഴയോടെ ജൂലൈ 1 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ ആരംഭിക്കുന്ന എം.സി.എ രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ റെഗുലർ & സപ്ലിമെന്ററി (2015 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. രണ്ടാം സെമസ്റ്റർ പരീക്ഷ കൾക്ക് പിഴ കൂടാതെ ജൂലൈ 6 വരെയും 50 രൂപ പിഴയോടെ ജൂലൈ 9 വരെയും 125 രൂപ പിഴ യോടെ ജൂലൈ 11 വരെയും, നാലാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 1 വരെയും 50 രൂപ പിഴയോടെ ജൂലൈ 3 വരെയും 125 രൂപ പിഴയോടെ ജൂലൈ 5 വരെയും അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2008 സ്കീം സപ്ലി മെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ കീഴിലുള്ള രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേയ്ക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേയ്ക്ക് 2019-20 വർഷത്തേയ്ക്കുള്ള അപേക്ഷ കൾ ക്ഷണിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 6. പ്രവേശന പരീക്ഷ ജൂലൈ 17 FN, അഭിമുഖം ജൂലൈ 17 AN, ക്ലാസുകൾ ആരംഭിക്കുന്ന തീയതി ജൂലൈ 24.

## ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനം 2019<br>പുതിയ രജിസ്ട്രേഷനും, ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും അവസരം

ഒന്നാം വർഷ യു.ജി/പി.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 25.06.2019 മുതൽ 30.06.2019 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള, എന്നാൽ ഇതുവരെ പ്രവേശനം ലഭിക്കാത്തവർക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തു ന്നതിന് 25.06.2019 മുതൽ 30.06.2019 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർക്കാനും, ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും, റീവാല്യൂവേഷൻ, ഗ്രേസ് മാർക്ക് തുടങ്ങി മാർക്കുകളിലെ തിരുത്തലുകൾ, കാറ്റഗറി മാറ്റം തുടങ്ങി ഏതെങ്കിലും തിരുത്തലുകൾ വരു ത്തുവാൻ ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യ ങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ടകളിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷ ജൂൺ 30 വരെ സമർപ്പിക്കാവുന്നതാണ്. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്ക് ജൂൺ 30 വരെ ആപ്ലിക്കേഷൻ നമ്പർ, പാ സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോ ഗിച്ച് അവരെ വീണ്ടും പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.സർവകലാശാലയിൽ തിരുത്തൽ, Reconsider എന്നിവയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സ്വമേധയാ തന്നെ അവ ചെയ്യേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019
## കമ്മ്യൂണിറ്റി ക്വാട്ട/ സ്പോർട്സ് ക്വാട്ട പ്രവേശനം ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

2019-2020 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുവാൻ അവസരം നൽകുന്നു. ജൂൺ 22 മുതൽ 30 വരെ വിദ്യാർത്ഥികൾക്ക് തിരുത്തലുകൾ വരുത്താവുന്നതാണ്. തിരുത്തലുകൾക്ക് വേണ്ടി സർവകലാശാലയെ സമീപിക്കേണ്ടതില്ല. കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ കോഴ്സ്, കോളേജ് ഓപ്ഷനുകൾക്ക് പരിധിയില്ല. വിദ്യാർത്ഥികൾ നൽകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## യു.ജി/പി.ജി പ്രവേശനം 2019-20
## മാർജിനൽ ഇൻക്രീസ് അപേക്ഷ ക്ഷണിക്കുന്നു

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തെ യു.ജി/പി.ജി കോഴ്സുകളിലേയ്ക്ക് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിൽ നിന്നും മാർജിനൽ ഇൻക്രീസിന് അപേക്ഷ ക്ഷണിക്കുന്നു. ഗവൺമെന്റ് ഉത്തരവിൽ പറയുന്ന പ്രകാരം സീറ്റുകൾ ലഭ്യമാക്കാൻ ജൂലൈ 3 വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഇ-മെയിൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. (e-mail – jrugonline@gmail.com)ഗവൺമെന്റ് ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും മാർജിനൽ ഇൻക്രീസ് അനുവദിക്കുന്നത്.

തിരുവനന്തപുരം,
26-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098